# ടൈംസ് ഓഫ് അമേരിക്കൻമലയാളി

TIMES OF AMERICAN MALAYALI

www.timesofamericanmalayali.com





Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


## അറിവിടം
സ്പെഷ്യൽ

## 'അറിവിട'ത്തിലേക്ക് സ്വാഗതം

*ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോമിന്റെ 'അറിവിട'ത്തിലേക്ക് അമേരിക്കൻ മലയാളി സമൂഹത്തെ സ്വാഗതം ചെയ്യുന്നു.*

*ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സാമ്പത്തിക നട്ടെല്ലെന്നു വിശേഷിപ്പിക്കാവുന്നവരാണ് പ്രവാസി മലയാളികൾ.*

*നഴ്സിംഗ് മേഖലയിലൂടെയാണ് അമേരിക്കൻ കവാടം കേരളത്തിനു മുന്നിൽ തുറന്നിട്ടത്.*

*സ്വന്തത്തിലോ ബന്ധത്തിലോ ഒരു കുടുംബമെങ്കിലും അമേരിക്കയിൽ ഇല്ലാത്തതായ ഒരു മലയാളിയും ഉണ്ടാവില്ല.*

*ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഒരുകൂട്ടം ചെറുപ്പക്കാർ അമേരിക്കയിലേക്ക് കുടിയേറിയെങ്കിൽ; പിന്നീട് കുടുംബങ്ങളുടെ ചേക്കേറലായി. രക്തബന്ധവും വിവാഹവും കുടിയേറ്റത്തിന് ആക്കം വർദ്ധിപ്പിച്ചു.*

*പരിശ്രമശാലികളും പ്രയത്നശാലികളുമായ മലയാളികളെ അമേരിക്കൻ സമൂഹം അംഗീകരിച്ചു.*

*പ്രതിഭകൊണ്ടും പ്രയത്നം കൊണ്ടും ഉന്നത സ്ഥാനങ്ങളിലെത്തിയവർ ഈക്കൂട്ടത്തിൽ തലയെടുപ്പോടെ നില്ക്കുന്നു. അവരെ പരിചയപ്പെടുക എന്നതാണ് 'അറിവിടം' കൊണ്ട് ലക്ഷ്യമാക്കുന്നത്. ഇത്തരത്തിലുള്ള വ്യക്തിത്വങ്ങളെ പരിചയപ്പെടുവാൻ 'അറിവിടം' ഇടം നൽകുന്നു. ഈ ഉദ്യമത്തിൽ സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

*ചീഫ് എഡിറ്റർ*
**ജോർജ് തഴക്കര**

## മാർ നിക്കളാവോസ് മെത്രാപ്പോലീത്ത

**ഭദ്രാസനാധിപനായതിന്റെ എട്ടാം വാർഷികമായ** 2019 ഏപ്രിൽ 26ന് പ്രസിദ്ധീകരിച്ചത്

**ഉമ്മൻ പി. എബ്രഹാം** (അസോസിയേറ്റ് എഡിറ്റർ)



ന്യൂയോർക്ക്: സഖറിയാസ് മാർ നിക്കളാവോസ് മെത്രാപ്പോലീത്ത നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപനായതിന്റെ എട്ടാം വാർഷികം.

പ്രോജക്ടുകളല്ല സഭയുടെ ലക്ഷ്യമെന്നു വിശ്വസിച്ചുകൊണ്ട് മിനിസ്ട്രിയെക്കുറിച്ചുള്ള സങ്കല്പങ്ങളും കാഴ്ചപ്പാടുകളും യുവതലമുറകളുമായി പങ്കുവയ്ക്കുന്ന സഖറിയാസ് മാർ നിക്കളാവോസ് മെത്രാപ്പോലീത്ത ഓർത്തഡോക്സ് സഭയുടെ വളർച്ചക്കായി പ്രവർത്തിക്കുന്നു. അമേരിക്കൻ മലയാളി സമൂഹത്തെ ഒന്നായി കണ്ടുകൊണ്ടുള്ള പുരോഗതിയാണ് അദ്ദേഹം ലക്ഷ്യമിടുന്നത്.

ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ഒമ്പതു വർഷം പ്രവർത്തിച്ചു. വിജാതീയ ധ്രുവങ്ങളുടെ ആകർഷണം പോലെയായിരുന്നു ഭദ്രാസനാധിപനായ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായോടൊപ്പം സഹായിയായി ഭരണച്ചുമതല വഹിച്ചിരുന്നത്. രണ്ടു തലമുറകളുടെ കാഴ്ചപ്പാടുകൾ അവിടെ സമന്വയിക്കുകയായിരുന്നു. ബർന്നബാസ് മെത്രാപ്പോലീത്തായുടെ നിഴലായും വഴിവെളിച്ചമായും ഒപ്പം നിന്നു. ഇരുവരുടെയും ഏകോപിച്ചുള്ള പ്രവർത്തനം ഭദ്രാസനത്തെ ആത്മീയ വളർച്ചയിലേക്കു നയിച്ചു. ഭൗതിക വളർച്ച സ്വാഭാവികമായും വന്നുചേർന്നു.

തെക്കൻ കേരളത്തിലെ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട പ്രബലമായ പൂതിയോട്ടു കുടുംബാംഗം. പിതാവ് തോട്ടം മുതലാളിയായിരുന്നു. സർവ്വവിധ ആർഭാടങ്ങളിലും ജീവിച്ച ചുറ്റുപാടിൽ നിന്നുമാണ് ജ്ഞാനാന്വേഷണത്തിന്റെ പേരിൽ

വേദശാസ്ത്രം പഠിക്കുവാനായി ബാംഗ്ലൂരിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ പോകുന്നതും അവിടെ നിന്നും ബിരുദാനന്തരബിരുമെടുക്കുന്നതും. വൈദികനാകണമെന്ന ആഗ്രഹം പഠനകാലത്ത് ഉണ്ടായിരുന്നില്ല.

കുടുംബാംഗമായിരുന്ന കുര്യാക്കോസ് മാർ കുറിയാക്കോസ് (മേപ്രാൽ) മെത്രാപ്പോലീത്തായുടെ സ്വാധീനം വൈദികവൃത്തിയിലേക്ക് നയിക്കുവാൻ പ്രേരണയായി. പത്രോസ് മാർ ഒസ്താത്തിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നിവരുടെ സാമൂഹിക പ്രതിബദ്ധതയോടുള്ള സേവനം വൈദികനാകുവാനുള്ള പ്രചോദനം നൽകിയെന്ന് അദ്ദേഹംതന്നെ ഒരഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്.

1993 മുതൽ 2001 വരെ പാത്രിയർക്കീസ് സുറിയാനി സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായിരുന്നു മാർ നിക്കളാവോസ്. 1995ലെ സുപ്രീം കോടതി വിധിയാണ് ഓർത്തഡോക്സ് സഭയിലേക്കു വരുവാനുള്ള പ്രേരണയായത്. മലങ്കരയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായിട്ടാണ് അങ്ങനെയൊരു നിലപാടിലെത്തുവാൻ മെത്രാപ്പോലീത്തായെ നിർബന്ധിതനാക്കിയത്. ആ ദൗത്യത്തിന്റെ ഭാഗമായി ഡോ. തോമസ് മാർ അത്താനാസിയോസ് (മൂവാറ്റുപുഴ), ഡോ.യൂഹാനോൻ മാർ മിലിത്തോസ് (തൃശൂർ), മാർ സേവേറിയോസ് (കണ്ടനാട്) എന്നിവരും ഒപ്പം നിന്നു. ഇവരിൽ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയും ഡോ.യൂഹാനോൻ മാർ മിലിത്തോസ് തിരുമേനിയും യൂണിയൻ ക്രിസ്ത്യൻ കോളജിലെ സഹപാഠികളായിരുന്നുവെന്നതും സമാനതയുടെ സവിശേഷതയാണ്.

1992ലാണ് മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഏൽക്കുന്നത്. ഏതാണ്ട് 9 വർഷത്തിനുശേഷം 2001ൽ ഓർത്തഡോക്സ് സഭയുടെ ഭാഗമായ നിക്കളാവോസ് മെത്രാപ്പോലീത്ത ഭദ്രാസനാധിപന്റെ സഹായിയായി.

തുടർന്നുള്ള ഭദ്രാസനത്തിന്റെ ചരിത്രം പരിവർത്തനത്തിന്റെ അധ്യായങ്ങൾ രചിക്കുന്നതായിരുന്നു. പ്രശ്നസങ്കീർണ്ണമായ എട്ടുപത്ത് വർഷങ്ങൾക്കു വിരാമമായി. ഭദ്രാസന അസംബ്ലിപോലും നടക്കാതിരുന്ന കാലം. ഈ മാറ്റത്തിനു പിന്നിൽ സഖറിയാസ് മാർ നിക്കളാവോസ് മെത്രാപ്പോലീത്തയുടെ പരിശ്രമം പരമപ്രധാനമായിരുന്നു.

2012ൽ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത കാലം ചെയ്തതിനെ തുടർന്ന് സഹായ മെത്രാപ്പോലീത്തയായ സഖറിയാസ് മാർ നിക്കളാവോസിന് ഭദ്രാസനത്തിന്റെ ചുമതല നൽകി.

പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനം ദൈവഹിതമായിരുന്നുവെന്ന് തുടർന്നുള്ള ഭദ്രാസനത്തിന്റെ വളർച്ച സാക്ഷ്യം വഹിക്കുന്നു. 17 വർഷത്തെ ഭദ്രാസന ചുമതലയിലും 25 വർഷത്തെ മെത്രാപ്പോലീത്ത പദവിയിലും ആർജിച്ച ജ്ഞാനവും സിദ്ധിയും ദൈവകൃപയും ഭദ്രാസനത്തിന്റെ പുരോഗതിക്കു കാരണമായി.

പുതുതലമുറയെ സഭയോടു ചേർത്തുനിർത്തുന്നതിലുള്ള തിരുമേനിയുടെ ദീർഘവീക്ഷണം അഭിനന്ദനാർഹമാണ്.

പ്രശ്നങ്ങളിലുള്ള ഇടപെടലുകളാണ് വ്യക്തിയുടെ സമാധാനാന്തരീക്ഷം സാധ്യമാക്കുന്നതെന്നു വിശ്വസിക്കുന്നു. കൺവൻഷനുകളും കോൺഫറൻസുകളും എന്റർടെയിൻമെന്റുകളാകാൻ പാടില്ലായെന്ന നിഷ്കർഷ അദ്ദേഹത്തിനുണ്ട്. ശ്രദ്ധ മനുഷ്യകേന്ദ്രീകൃതകുമ്പോഴെ പ്രശ്ന പരിഹാരം ഉണ്ടാകുകയുള്ളുവെന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. സഭ സ്ഥാപനമായി മാറുന്നതിൽ ഉത്കണ്ഠാകുലനാണ്. വിഷയത്തെ അർഹിക്കുന്ന ഗൗരവത്തോടെ മനസ്സിലാക്കി പരിഹാരം കണ്ടെത്താനുള്ള സാഹചര്യം ഒരുക്കണം എന്നതാണ് നിലപാട്.

മെത്രാപ്പോലീത്ത പദവിയുടെ ജൂബിലി പിന്നിടുമ്പോഴും അഭിവന്ദ്യ തിരുമേനി നൽകുന്ന പ്രഥമ പരിഗണന ഇതുതന്നെയാണെന്നു കാണാം.

അഭിവന്ദ്യ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്തായ്ക്ക് ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം വാർത്താ പത്രികയുടെ അഭിനന്ദനങ്ങൾ.

# മേയർ സജി ജോർജ്

**എബി മക്കപ്പുഴ**



ഡാളസ്: അമേരിക്കയിലെ ആദ്യത്തെ മലയാളി സിറ്റിമേയർ ബഹുമതിക്ക് അർഹനായ സജി പി. ജോർജ് വീണ്ടും മേയർ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സണ്ണിവെയിൽ സിറ്റി മേയറായിരുന്ന ജിം ഫോഫ് രാജിവച്ച ഒഴിവിലേക്ക് ഒരു വർഷത്തേക്ക് 2018 ഏപ്രിൽ മാസത്തിൽ ബാലറ്റ് പേപ്പറിലൂടെയായിരുന്നു സജി പി. ജോർജ് മേയറായി തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. കാലാവധി അവസാനിച്ചതിനെ തുടർന്ന് വീണ്ടും നോമിനേഷൻ സമർപ്പിച്ചിരുന്നു. എതിർസ്ഥാനാർത്ഥി നോമിനേഷൻ പിൻവലിച്ചതോടെ സജി ജോർജ് എതിരില്ലാതെ വീണ്ടും രണ്ടു വർഷത്തേക്ക്കൂടി തിരഞ്ഞെടുക്കപ്പെടുകയായിരുന്നു.

തിരുവല്ല കുറിയന്നൂർ പൂ വേലിൽ കുടുംബാംഗമായ സജി ജോർജ് ലോക് ഹീഡ് മാർട്ടിനിൽ സീനിയർ എഞ്ചിനീയറിംഗ് മാനേജരായി സേവനം ചെയ്തുവരുന്നു. തിരുവല്ല മാർത്തോമ കോളജിൽ നിന്നും ബി. എസ്.സി ബിരുദമെടുത്തശേഷം പിതാവിനോടൊപ്പം അമേരിക്കയിലെത്തി. ടെക്സാസ് ടെക് കോളജിൽ നിന്നും എഞ്ചിനീയറിംഗിൽ മാസ്റ്റർ ബിരുദവും സൗത്തേൺ മെത്തഡിസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.ബി.എയും നേടി.

ഭാര്യ: മെഡിക്കൽ ബിരുദധാരിയായ ജയ മാത്യു.

മക്കൾ: ആൻ (യു.റ്റി. ഓ സ്റ്റിനിൽ മെഡിക്കൽ വിദ്യാർത്ഥിനി), ആൻഡ്രൂ (ടെക്സാസ് ടെക്

സയൻസ് വിഭാഗം വിദ്യാർത്ഥി).

കൗൺസിൽ മെമ്പർ, പ്രോം ടേം മേയർ തുടങ്ങിയ പദവികൾ വഹിച്ചിരുന്നു. ഡാളസ് സെന്റ് പോൾസ് മാർത്തോ മാ ചർച്ച് സെക്രട്ടറി, സൺ ഡേസ്കൂൾ കോ ഓർഡിനേറ്റർ, ക്വയർ കോ ഓർഡിനേറ്റർ തുടങ്ങിയ സ്ഥാനങ്ങളിലും സേവനം അനുഷ്ഠിച്ചു.

## ഹ്യൂമൻ റൈറ്റ് കമ്മീഷണർ തോമസ് കോശി

**ശ്രീകുമാർ ഉണ്ണിത്താൻ**



ന്യൂയോർക്ക്: ന്യൂയോർക്ക് സ്റ്റേറ്റ് ഇന്ത്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ പാർട്ടി ചെയർ മാനായ തോമസ് കോശിയെ വെസ്റ്റ് ചെസ്റ്റർ കൗണ്ടി ഹ്യൂ മൻ റൈറ്റ് കമ്മീഷണർ ആയി കൗണ്ടി എക്സിക്യൂട്ടീവ് ജോർജ് ലാറ്റിമാർ വീണ്ടും നിയമിച്ചു.

2011 മുതൽ ഹ്യൂമൻ റൈറ്റ് കമ്മീഷണറായി സേവനം അനുഷ്ഠിക്കുകയാണ് തോമസ് കോശി.

2005 മുതൽ ന്യൂ റോഷൽ സിറ്റി ഹ്യൂമൻ റൈറ്റ് കമ്മീഷണർ ആയി നിയമിതനായ തോമസ് കോശി 2011ൽ കൗണ്ടി ഹ്യൂമൻ റൈറ്റ് കമ്മീഷണർ മെമ്പറായി. 2012ൽ വെസ്റ്റ് ചെസ്റ്റർ കൗണ്ടിയുടെ ഫെയർ ഹൗസിങ് ബോർഡിൽ ഹോണററി മെമ്പറായി. പുതിയ അഡ്മിനിസ്ട്രേഷൻ വന്നതിന് ശേഷവും ഹ്യൂമൻ റൈറ്റ് കമ്മീഷണ റായി വീണ്ടും നിയമനം ലഭിച്ചു. റിപ്പബ്ലിക്കൻ പാർട്ടി ഗവൺമെന്റിലും ഡമോക്രാറ്റിക് പാർട്ടി ഗവൺമെന്റിലും ഒരുപോലെ സ്ഥാനം ലഭിച്ച തോമസ് കോശി എല്ലാ പാർട്ടികളും അംഗീകരിക്കുന്ന വ്യക്തിയാണ്. പൊളിറ്റിക്കൽ പോസ്റ്റിലേക്ക് മത്സരിക്കാൻ പലതവണ ആവശ്യപ്പെട്ടപ്പോഴും ബിസിനസ്സുമായി ബന്ധപ്പെട്ട തിരക്കിലായിരുന്നു.

ന്യൂ റോഷൻ സിറ്റിയിലെ ഡ മോക്രാറ്റിക് മേയർ ആയ നോം ബ്രാൻസന്റെ അഡ്വൈസറി ബോർഡിലും പ്രവർ ത്തിക്കുന്ന ഇദ്ദേഹം ഇന്ത്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ പാർട്ടിയുടെ ട്രൈസ്റ്റേറ്റ് ചെ യർമാൻ കൂടിയാണ്.

ഫോമയുടെ ആദ്യത്തെ ജൂഡീഷ്യൽ കമ്മിറ്റി ചെയർമാനായും ഇലക്ഷൻ കമ്മീഷണറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഫോമയുടെ ഇപ്പോഴത്തെ കംപ്ലെയിന്റ് കൗൺസിൽ വൈസ് ചെയർമാനാ ണ്.

ഇന്ത്യൻ അമേരിക്കൻ ട്രൈ സ്റ്റേറ്റ് ചേംബർ ഓഫ് കൊമേഴ്സ് സ്ഥാപക പ്രസിഡന്റ് (NY, NJ and CT), വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡന്റ് (രണ്ടുപ്രാവശ്യം) തുടങ്ങിയ സ്ഥാ നങ്ങളും വഹിച്ചിട്ടുണ്ട്.

തോമസ് കോശി വെസ്റ്റ് ചെസ്റ്ററിലെ ന്യൂറോഷലിൽ താമസിക്കുന്നു.

## രാജ് സുബ്രഹ്മണ്യൻ; ഫെഡക്സ് കോർപ്പറേഷൻ തലപ്പത്ത് എത്തുന്ന ആദ്യ മലയാളി

**പി.പി.ചെറിയാൻ**



ടെന്നിസ്സി: അമേരിക്കൻ മൾ ട്ടിനാഷണൽ കൊറിയർ ഡലിവറി സർവീസ് കമ്പനിയുടെ പ്രസിഡന്റും, ചീഫ് എക് സിക്യൂട്ടീവ് ഓഫീസറുമായി രാജ് സുബ്രഹ്മണ്യത്തെ കോ ർപ്പറേഷൻ നിയമിച്ചു.

മാർച്ച് ഒന്നിന് ഇദ്ദേഹം ചുമതലയേൽക്കും. മുൻ പ്രസിഡന്റും ഡേവിഡ് ജെ റിട്ടയർ ചെയ്യുന്ന ഒഴിവിലാണ് നിയമനം.

തിരുവനന്തപുരം ജില്ലയിൽ ജനിച്ച രാജ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗിൽ ബിരുദവും, സിറാക്കൂസ് യൂണിവേഴ്സിറ്റിയിൽ നിന്നു കെമിക്കൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തരബിരുദവും, യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് (ഓസ്റ്റിൻ) നിന്നും എം.ബി.എ ബിരുദവും നേടിയിട്ടുണ്ട്. 27 വർഷമായി വിവിധ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നു. രാജ് കാനഡ, ഹോങ്കോംഗ് എന്നിവിടങ്ങളിലും സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവായിരുന്നു.

ഫെഡക്സിന്റെ വളർച്ചയിൽ നിർണായകമായ പങ്കു വഹിച്ചിട്ടുള്ള സുബ്രഹ്മണ്യത്തിന്റെ സേവനം പ്രശംസനീയമാണെന്ന് ചെയർമാൻ ഫ്രെഡറിൽ സ്മിത്ത്പറഞ്ഞു.

മലയാളിയായ ഒരാൾ ഫെഡക്സിന്റെ തലപ്പത്ത് നിയമിക്കപ്പെടുന്നത് ആദ്യമാണെന്നും തന്നിലർപ്പിതമായ പുതിയ ചുമതലയിൽ അഭിമാനിക്കുന്നുവെന്നും സുബ്രഹ്മണ്യൻ പറഞ്ഞു.

1971ൽ സ്ഥാപിതമായ ഫെഡക്സൽ എക്സ്പ്രസ് ആ ഗോളതലത്തിൽ കൊറിയർ സർവീസ് നടത്തുന്നഏറ്റവും വലിയ കോർപ്പറേഷനാണ്.

## ഡോ.ആനി പോൾ റോക്ക്‌ലാൻഡ് ലെജിസ്ലേറ്ററി മജോറിറ്റി ലീഡർ



ന്യൂയോർക്ക്: ന്യൂയോർക്ക് സ്റ്റേറ്റിലെ ആദ്യത്തെ ഇന്ത്യൻ വനിതാ ലെജിസ്ലേറ്ററായ ഡോ. ആനി പോളിനെ മൂന്നാം പ്രാവിശ്യവും റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററിലെ മജോറിറ്റി ലീഡറായി തെരഞ്ഞെടുത്തു.

ലെജിസ്ലേറ്ററെന്ന നിലയിൽ ഡോ. ആനി പോളിന്റെ കഴിഞ്ഞ ഏഴു വർഷത്തെ പ്രവർത്തനങ്ങൾ മുഖ്യ ധാരയിലും ഇന്ത്യൻ സമൂഹത്തിലും ഏറെ അഭിനന്ദനം നേടിയിരുന്നു. മൈനോറിറ്റി ആൻഡ് വിമൺ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് എന്ന സ്പെഷൽ കമ്മിറ്റി രൂപീകരിച്ചത് ആനി പോളിന്റെ നിർദ്ദേശപ്രകാരമാണ്.

ആനി പോളിന്റെ നേതൃത്വത്തിൽ യൂത്ത് ലീഡർഷിപ്പ് വർക്ക്ഷോപ്പ്, വിന്റർ കോട്ട് ഡ്രൈവ് തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ഹെയ്ത്തിയിലെ ദുരന്ത സമയത്ത് ഏഷ്യൻ നഴ്സസ് അസോസിയേഷനോടൊപ്പം മെഡിക്കൽ മിഷനിൽ പങ്കെടുത്തു. തിരുവനന്തപുരം ഓഖി ദുരന്തത്തിന് ഇരയായവരുടെ വീടുകൾ സന്ദർശിച്ചു ധനസഹായം നൽകി.

മൈനോറിറ്റി ആൻഡ് വിമൺ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് കമ്മിറ്റി ചെയർ, മൾട്ടി സർവീസ് കമ്മിറ്റി വൈസ് ചെയർ, പബ്ലിക് സേഫ്റ്റി കമ്മിറ്റി മെമ്പർ, പ്ലാനിംഗ് ആൻഡ് പബ്ലിക് വർക്ക്സ് കമ്മിറ്റി മെമ്പർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി കമ്മീഷണർ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

നഴ്സ് പ്രാക്ടീഷണർ സംഘടനയുടെ സാരഥികളിലൊരാൾ കൂടിയായ ഡോ. ആനിപോൾ മുൻ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയിൽ നിന്നു മികച്ച നഴ്സിനുള്ള അവാർഡ് നേടിയിട്ടുണ്ട്.

## പ്രേം പരമേശ്വരൻ അഡ്വൈസറി കമ്മീഷൻ അംഗം

**ജോയിച്ചൻ പുതുക്കുളം**



വാഷിംഗ്ടൺ ഡി.സി: പ്രേം പരമേശരനെ പ്രസിഡന്റിന്റെ അഡ്വൈസറി കമ്മീഷൻ ഓൺ ഏഷ്യൻ അമേരിക്കൻസ് ആൻഡ് പസഫിക് ഐലന്റേഴ്സ് അംഗമായി പ്രസിഡന്റ് ട്രംപ് നോമിനേറ്റ് ചെയ്തു, കമ്മീഷനിലെ ഏക ഇന്ത്യൻ അംഗമാണ് പ്രേം പരമേശ്വരൻ.

ബഹുരാഷ്ട്ര മീഡിയ ഫിലിം കമ്പനിയായ ഇറൊസി ന്റെ ഗ്രൂപ്പ് ചീഫ് ഫൈനാൻഷ്യൽ ഓഫീസറായ പരമേശ്വരൻ, ആദ്യകാല റിപ്പബ്ലിക്കൻ പാർട്ടി നേതാക്കളായ വെൺ പരമേശ്വരന്റെയും ഡോ. പ്രിസില്ല പരമേശ്വരന്റെയും ഏക പുത്രനാണ്.

വാൾ സ്ട്രീറ്റിൽ ഇൻവെസ്റ്റ് മെന്റ് ബാങ്കറായി 23 വർഷത്തെ പരിചയമുള്ള പ്രേം 2015ലാണ് ഇറോസിൽ ചേരുന്നത്. ജെഫ്രീസ് എൽ. എൽ. സിയിൽ മീഡിയ ടെലികമ്യൂണിക്കേഷൻസ് ഇൻവെസ്റ്റ് മെന്റ് ബാങ്കിംഗിന്റെ ഗ്ലോബൽ ഹെഡായി ചേരുന്നതിനു മുമ്പ് ഡോഷ് ബാങ്കിന്റെ മീഡിയ ആൻഡ് ടെലികോം വിഭാഗത്തിന്റെ അമേരിക്കൻ ഹെഡ് ആയിരുന്നു.

കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എയും എം.ബി.എയും നേടിയിട്ടുള്ള പ്രേം ന്യൂയോർക്ക് വെസ്റ്റ് ചെസ്റ്ററിലെ സ്കാർസ്ഡെയിലിൽ നിന്നാണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പ്രേമിന്റെ പിതാവ് അമ്പതുകളിൽ വി.കെ. കൃഷ്ണമേനോന്റെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

## ജോവീന ജോയി പോലീസ് ഓഫീസർ

**ജോയിച്ചൻ പുതുക്കുളം**



ചിക്കാഗോ: കരോൾ സ്ട്രീം വില്ലേജ് പോലീസ് ഫോഴ്സിൽ ഇനിമുതൽ മലയാളി സാന്നിധ്യം. ഡെസ്പ്ലെയിൻസിലുള്ള കടിയംപള്ളി ജോയി വെറോനിക്കാ ദമ്പതികളുടെ പുത്രി ജൊവീനാ ജോയിയാണ് ഇല്ലിനോയിലെ മലയാളിയായ പ്രഥമ വനിതാ പോലീസ് ഓഫീസറായി ചുമതലയേറ്റത്. നന്നെ ചെറുപ്പത്തിൽ തന്നെ ഡിക്ടറ്റീവ്, ഫൈറ്റിഗ് ടിവി ഷോകളിൽ ആകൃഷ്ടയായ ജൊവീന കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും, കുറ്റവാളികളെ കസ്റ്റഡിയിൽ എടുക്കുന്നതിനുമായി പോലീസ് ഓഫീസേഴ്സ് പ്രകടിപ്പിക്കുന്ന ധീരതയും സാഹസികതയും ആത്മാർത്ഥതയും ഏറെ ആവേശത്തോടെ ആസ്വദിച്ചിരുന്നതിന്റെ ഫലമായിട്ടാണ് സോഷ്യോളജിയും ക്രിമിനൽ ജസ്റ്റീസും വിഷയമായി എടുക്കുവാൻ പ്രേരിപ്പിച്ചത്.

കോട്ടയം ജില്ലയിലെ പുന്നത്തറ സ്വദേശിയായ ജൊവീന, മുംബൈയിൽ ജനിച്ച് നാലു വയസ്സായപ്പോഴാണ് മാതാപിതാക്കൾക്കൊപ്പം അമേരിക്കയിലെത്തിയത്. ജോവി, ജോബി എന്നിവർ സഹോദരങ്ങളാണ്. ജോസ് കല്ലിടുക്കിലാണ് വാർത്തനൽകിയത്.

## കെ.പി.ജോർജ് ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി

**ജീമോൻ റാന്നി**



ഹൂസ്റ്റൺ: ടെക്സാസിലെ പത്താമത്തെ വലിയ കൗണ്ടിയിൽ ആദ്യമായി വെള്ളക്കാരനല്ലാത്ത ഒരു മേധാവിയാകുന്നത് ചരിത്രം.

3000 ഉദ്യോഗസ്ഥരും 370 മില്യൻ ബജറ്റുമുള്ള ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജിയായി കെ.പി. ജോർജ് ചുമതലയേറ്റു.

ഷുഗർ ക്രീക്ക് ബാപ്ടിസ്റ്റ് ചർച്ച് പാസ്റ്റർ റവ. ലിബിൻ എബ്രഹാമിന്റെ പ്രാർത്ഥനയോടെയാണ് ചടങ്ങുകൾക്കു തുടക്കം. പ്രീസിംഗ്ട് -3ലെ കോൺസ്റ്റബിൾ വെയ്ൻ തോംപ്സൺ പ്ലെഡ്ജ് ഓഫ് അല്ലീജിയൻസ് ചൊല്ലി. ജഡ്ജ് ബ്രെൻഡ മല്ലിനിക്സ് ചൊല്ലിക്കൊടുത്ത സത്യവാചകം ഏറ്റു ചൊല്ലി.

ബഡ്ജറ്റ്, ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൂടാതെ ഈ കൗണ്ടിയെ എല്ലാതലങ്ങളിലും പ്രതിനിധീകരിക്കേണ്ട ചുമതലയും ഇദ്ദേഹത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

തുടർന്ന് ഷുഗർലാൻഡിലെ നിർമാൺസ് ബാങ്കറ്റ് ഹാളിൽ സ്വീകരണം നൽകി.


പത്തനംതിട്ട കൊക്കത്തോട് ഗ്രാമത്തിൽ കേളയിൽ കുടുംബാംഗമാണ് ജോർജ്. മുംബൈയിൽ അല്പകാലം ജോലി ചെയ്തതിനു ശേഷം 1993ൽ ന്യൂയോർക്കിലെത്തി. 2010ൽ ഇലക്ഷനിൽ മത്സരിച്ചു പരാജയപ്പെട്ടു. 2014ൽ സ്കൂൾ ബോർഡ് അംഗമായി വിജയിച്ചു. 2017ൽ തുടർന്നും വിജയിച്ചു. ഏറ്റവും കൂടുതൽ വോട്ട് നേടിയാണ് കൗണ്ടിയിൽ ജഡ്ജിയായത്.

ഫിനാൻഷ്യൽ കൺസൾട്ടന്റായി പ്രവർത്തിക്കുന്ന ജോർജ് ഷുഗർലാന്റ് റോട്ടറി ക്ലബ്, ഫോർട്ട്ബെൻഡ് ചേംബർ ഓഫ് കൊമേഴ്സ് എന്നിവയിൽ പ്രവർത്തിച്ചു. സ്റ്റേറ്റ് റെപ്രസന്റേറ്റീവ് റിക് മില്ലറുടെ പോളിസി ആൻഡ് അഫേഴ്സ് കമ്മറ്റി അംഗമായിരുന്നു. ഫോർട്ട് ബെൻഡ് ഐ.എസ്.ഡി പേരന്റ്സ് അഡ്വൈസറി ടീമിൽ അംഗമായ ജോർജ് 2013ൽ സ്ഥാപിതമായ ഹൈടവർ ഹൈസ്കൂൾ അക്കാഡമീസ് ബൂസ്റ്റർ ക്ലബിന്റെ സ്ഥാപക പ്രസിഡന്റാണ്

ഭാര്യ ഷീബ ഫോർട്ട് ബെൻ ഡ് ഐ.എസ്.ഡി സിസ്റ്റത്തി ൽ അധ്യാപികയാണ്. മക്കൾ വിദ്യാർത്ഥികളായ രോഹിത്, ഹെലൻ, സ്നേഹ.

# സ്റ്റേറ്റ് സെനറ്ററായി കെവിൻ തോമസ് സത്യപ്രതിജ്ഞ ചെയ്തു

**ജോയിച്ചൻ പുതുക്കുളം**



ന്യൂയോർക്ക്: സ്റ്റേറ്റ് സെനറ്റിലെ മജോറിറ്റി ലീഡർ സെനറ്റർ ആൻഡ്രിയ സ്റ്റുവർട്ട് കസിൻസ് മുമ്പാകെ കെവിൻ തോമസ് സ്റ്റേറ്റ് സെനറ്ററായി സത്യപ്രതിജ്ഞ ചെയ്തു. റിപ്പബ്ലിക്കൻ കോട്ട എന്ന കരുതിയ ആറാം ഡിസ്ട്രിക്ടിൽ നിന്നുമാണ് കെവിൻ വിജയിച്ചത്.

കെവിന്റെ മാതാപിതാക്കൾ, ഭാര്യ റിൻസി, ഏഴ് ആഴ്ച മാത്രം പ്രായമുള്ള ലൈലാ, കുടുംബാംഗങ്ങൾ എന്നിവർ ചടങ്ങിനു സാക്ഷിയായി.

സ്റ്റേറ്റ് ലഫ്. ഗവർണർ കാഠിഹോക്കൽ, യു.എസ്.സെനറ്റർ ചക്ക് ചൂമർ, നാസാ കൗണ്ടി എക്സിക്യൂട്ടീവ് ലോറാ കുറൻ, സഫോക് കൗണ്ടി എക്സിക്യൂട്ടീവ് സ്റ്റീവ് ബലോൺ, സ്റ്റേറ്റ് ട്രഷറർ തോമസ് ഡിനാപ്പൊളി, ഏഷ്യൻ അമേരിക്കൻ സെനറ്റർ ജോൺ ലൂ തുടങ്ങിയവർ പങ്കെടുത്തു.

കെവിന്റെ കുടുംബാംഗം കൂടിയായ മാർത്തോമ ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പാ റവ.ഡോ.ഐസക് മാർ ഫിലക്സിനോസ് അനുഗ്രഹപ്രാ ർത്ഥന നടത്തി.

വിദ്യാഭ്യാസത്തിനുശേഷം ന്യൂയോർക്ക് പോലീസിൽ സിവിലിയൻ ഓഫീസറാകു കയും നിയമം പഠിച്ച് സൗജന്യ നിയമസഹായം നൽകുകയും ചെയ്ത കെവിന്റെ ജീവിതം മാതൃകയാണെന്ന് സെനറ്റർ ചക് ഷൂമർ പറഞ്ഞു.

കൺസ്യൂമർ അഫയേഴ്സ് കമ്മറ്റി ചെയർ എന്ന നിലയിൽ 20 മില്യൻ ജനതയെ ചൂഷണത്തിൽ നിന്നു രക്ഷിക്കാനുള്ള ചുമതലയും തനിക്കുണ്ടെന്ന് മറുപടി പ്രസംഗത്തിൽ കെവിൻ പറഞ്ഞു.

ചടങ്ങിൽ ഡപ്യൂട്ടി കോൺസൽ ജനറൽ ശത്രുഘ്നൻ സിൻഹ, കോൺസൽ ദേവദാസൻ നായർ, പോൾ കറുകപ്പള്ളി, ഫിലിപ്പോസ് ഫിലിപ്പ്, ലീല മാരേട്ട്, കോശി ഉമ്മൻ, ബിജു കൊട്ടാരക്കര എ ന്നിവർ പങ്കെടുത്തു.

*പ്രതിഭകൊണ്ടും പ്രയത്നം കൊണ്ടും പ്രശസ്തരായവരെ 'അറിവിട'ത്തിലേക്ക് പരിചയപ്പെടുത്തു. കൂടുതൽ വിവരങ്ങൾ*
www.timesofamericanmalayali.com
georgethazhakara@gmail.com
Tel: + 944 73 55710, 8921587848

# ഫ്ളോറിഡ സംസ്ഥാന എൻജിനീയറിംഗ് ബോർഡ് വൈസ് ചെയർമാൻ ബാബു വർഗീസ്



മയാമി: ഫ്ളോറിഡ സംസ്ഥാന എൻജിനീയറിംഗ് തൊഴിൽ മേഖലയെ പ്രൊഫഷണൽ രീതിയിൽ ക്രമപ്പെടുത്തി നിയന്ത്രിക്കുന്ന ഫ്ളോറിഡ ബോർഡ് ഓഫ് പ്രൊഫഷണൽ എൻജിനീയേഴ്സ് (എഫ്.ബി.പി.ഇ) വൈസ് ചെയർ ആയി ബാബു വർഗീസിനെ നിയമിച്ചു. നിയമന ഉത്തരവ് 2020 ഡി സംബർ വരെയാണ്. കഴിഞ്ഞ വർഷം ഫ്ളോറിഡ ഗവർണർ റിസ്ക് സോട്ട്, ബാബു വർഗീസിനെ എഫ്.ബി.പി.ഇ ബോർഡിലേക്ക് രണ്ടാം തവണയും നിയമിക്കുകയും, ഫ്ളോറിഡ സെനറ്റ് ഈ നിയമ ന ത്തെഅംഗീകരിക്കുകയും ചെയ്തു.

സംസ്ഥാന എൻജിനീയറിംഗ് നിർമാണപ്രവർത്തനങ്ങൾ കാര്യ

ക്ഷമമാക്കി വ്യക്തികളുടെ ജീവനും, ആരോഗ്യത്തിനും സുരക്ഷിതത്വം നൽകുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും ഫ്ളോറിഡ സംസ്ഥാന ത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന നാല്പതിനായിരം എൻ ജിനീയറിംഗ് ലൈസൻസികളുടെ അപേക്ഷകൾ പരിശോധിക്കുന്നതിനും പരീക്ഷകൾ നടത്തുന്നതിനും, ലൈസൻസുകൾ പുതുക്കി നൽകുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ കൈ ക്കൊള്ളുന്നതിനും ഈ സ്റ്റാറ്റ്യൂട്ടറി ബോർഡിന് അധികാരമുണ്ട്.

ഇദംപ്രഥമമായിട്ടാണ് ഒരു ഇന്ത്യൻ വംശജൻ ഫ്ളോറി ഡ സംസ്ഥാന എൻജിനീയറിംഗ് ബോർഡ് വൈസ് ചെയർ പദവി അലങ്കരിക്കുന്നത്.

അമേരിക്കയിലെ 18 സംസ്ഥാനങ്ങളിൽ എൻജിനീയറിംഗ് ലൈസൻസുള്ള ഇദ്ദേഹം ഡിസൈൻ ചെയ്തു പൂർത്തീകരിച്ച വലിയ ഷോപ്പിംഗ് മാളുകൾ, ഹൈറേയ്സ് ബിൽഡിംഗുകൾ, ക്രൂസ് ടെർമിനലുകൾ, എയർപോർട്ട് ടെർമിനലുകൾ, വേസ്റ്റ് വ്യൂ എനർജി ഫെസിലിറ്റികൾ, ഹോട്ടലുകൾ, ഡിപ്പാർട്ടുമെന്റ് സ്റ്റോറുകൾ, വിമാനം പാർക്ക് ചെയ്യാനുള്ള ഹാംങ്ങ്റുകൾ തുടങ്ങിയ അനവധി വ്യത്യസ്തമായ എൻജിനീയറിംഗ് നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

അമേരിക്കയിലെ ഏറ്റവും വലിയ ഗാന്ധി സ്ക്വയർ, സൗത്ത് ഫ്ളോറിഡയിലെ ഡേവി നഗരസഭ അനുവദിച്ചു നൽകിയ ഫാൽക്കൺ ലീ പാർക്കിൽ മനോഹരമായി ഡിസൈൻ ചെയ്തത് പൂർ ത്തീകരിച്ചതിനു ബാബു വർ ഗീസിനെ മുൻ ഇന്ത്യൻ പ്രസിഡന്റ് എ.പി.ജെ. അബ്ദുൾ കലാം ആദരിച്ചിരുന്നു.

തൃശൂർ അയ്യന്തോൾ കരേരകാട്ട് സ്വദേശിയാണ്. ഭാര്യ ആഷ (സിപിഎ). മക്കൾ: ജോർജ്, ആൻമരി എന്നിവ